KSEB
കേരളത്തിന്റെ ഊർജ്ജം
150 YEARS OF CELEBRATING THE MAHATMA

# കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

[1956 - ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം]

CIN: U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം

പട്ടം, തിരുവനന്തപുരം, കേരളം - 695 004

website: www.kseb.in Email: pokseb@gmail.com

Phone No.: 0471-2514527 Office 0471-2514455, Fax: 0471-2514472

നം. പി. എസ്. 1 (എ)/ID Cards/2011 തീയതി: 12/03/2020.

## പരിപത്രം

വിഷയം:- വൈറസ് ജന്യരോഗമായ "കോവിഡ്-19" ന്റെ (കൊറോണയുടെ) സംക്രമണ സാദ്ധ്യത കുറയ്ക്കുവാനുള്ള മുൻകരുതൽ നടപടിയെന്നനിലയ്ക്ക്, "ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം" നിലവിലുള്ള എല്ലാ KSEBL കാര്യാലയങ്ങളിലേയും ജീവനക്കാരുടേയും, ഓഫീസർമാരുടേയും, ഹാജർ നില സംബന്ധിച്ച ആധികാരിക വിവരങ്ങൾക്കായി പഞ്ചിംഗ് സിസ്റ്റത്തെ മാത്രം അവലംബിക്കുന്ന രീതി, താല്ക്കാലികമായി നിർത്തിവയ്ക്കുന്നത് സംബന്ധിച്ച്.

സൂചന:- ഫയൽ നമ്പർ. പി. എസ്. 1 (എ)/ID Cards/2011-ലെ പരാമർശങ്ങളെ അധികരിച്ചുള്ള ബഹു. KSEBL ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ, 10/03/2020-ലെ ഉത്തരവ്.

മാനവരാശിയുടെ നിലനില്പിനുതന്നെ ഭീഷണിയുയർത്തി, ലോകമെമ്പാടുമുള്ള പതിനായിരക്കണക്കിന് മനുഷ്യരെ കടുത്ത രോഗാവസ്ഥയിലാഴ്ത്തുകയും, ആയിരങ്ങളുടെ മരണത്തിനിടയാക്കുകയും ചെയ്ത കോവിഡ്-19 (കൊറോണ) എന്ന വൈറസ് ജന്യ രോഗം , 'ടി രോഗബാധിതരായ മനുഷ്യരുടെ സ്പർശനമേറ്റ വസ്തുക്കളിലൂടെയും' മറ്റുള്ളവരിലേയ്ക്ക് ദ്രുതഗതിയിൽ വ്യാപിക്കുമെന്ന് തെളിയിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, KSEBL ജീവനക്കാരുടേയും, ഓഫീസർമാരുടേയും ഹാജർ രേഖപ്പെടുത്തുവാൻ നിലവിൽ ഉപയുക്തമാക്കിവരുന്ന 'ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം' ഇപ്പോൾ ഉപയോഗപ്പെടുത്തുന്നത്, രോഗവ്യാപനസാദ്ധ്യത വർദ്ധിപ്പിക്കുവാൻ ഇടയാക്കുമെന്ന് വിലയിരുത്തപ്പെടുകയുണ്ടായി.

വൈറസ് ജന്യ രോഗമായ "കോവിഡ്-19" ന്റെ (കൊറോണയുടെ) സംക്രമണ സാദ്ധ്യത പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ, "ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം" നിലവിലുള്ള എല്ലാ KSEBL കാര്യാലയങ്ങളിലേയും ജീവനക്കാരുടേയും, ഓഫീസർമാരുടേയും, ഹാജർ സംബന്ധമായ ആധികാരിക വിവരങ്ങൾക്കായി പഞ്ചിംഗ് സിസ്റ്റത്തെ മാത്രം അവലംബിക്കുന്ന രീതി, ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ, താല്ക്കാലികമായി നിർത്തിവയ്ക്കേണ്ടതാണെന്ന്, സൂചനപ്രകാരം തീരുമാനമെടുത്തിട്ടുള്ളതിനാൽ, എല്ലാ KSEBL ജീവനക്കാരും, ഓഫീസർമാരും, മേല്പറഞ്ഞ ഉത്തരവ് കണക്കിലെടുത്ത് നിലവിൽ ബാധകമായ സമയക്രമം അനുവർത്തിക്കുന്ന കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

എല്ലാ കാര്യാലയ മേധാവികളും, തങ്ങളുടെ അധികാര പരിധിയിലുള്ള ജീവനക്കാരുടേയും, ഓഫീസർമാരുടേയും കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതും മതിയായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി, 'ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം' നടപ്പിലാക്കുന്നതിന് മുൻപ് ഉപയോഗിച്ചുവന്നിരുന്ന രജിസ്റ്ററുകളിൽ പ്രസക്തമായവ, പഞ്ചിംഗുമായി ബന്ധപ്പെട്ട് മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ, ഉപയോഗിയ്ക്കേണ്ടതും, പരിശോധനയ്ക്ക് വിധേയമാക്കി സൂക്ഷിയ്ക്കേണ്ടതും, ആയതിനെ ആസ്പദമാക്കി അറ്റൻഡൻസ് സ്റ്റേറ്റ്മെന്റ് നൽകേണ്ടതുമാണ്.



Scanned by CamScanner

മേല്പറഞ്ഞ നിർദ്ദേശങ്ങൾ "ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം" നിലവിലുള്ള എല്ലാ KSEBL കാര്യാലയങ്ങളിലും നടപ്പിലാക്കേണ്ടതും, നിയന്ത്രണാധികാരികൾ എല്ലാ ജീവനക്കാരുടേയും, ഓഫീസർമാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

ഒപ്പ്.

സെക്രട്ടറി (ഭരണം)

പകർപ്പ്:-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും.
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും.
KSEBL ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (ഫിനാൻസ്) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (ഡി., ഐ. റ്റി. & എച്ച്. ആർ. എം.) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (റ്റി., എസ്. ഒ., സി. പി., ആർ. ഇ. ഇ. എസ്. & സേഫ്റ്റി) യുടെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്. സി. എം.) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (ജനറേഷൻ (സിവിൽ) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
കമ്പനി സെക്രട്ടറി (ഇൻ ചാർജ്ജ്).
സെക്രട്ടറി (ഭരണം) ന്റെ സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്.
ഫിനാൻഷ്യൽ അഡ്വൈസർ/ ചീഫ് ഇന്റേണൽ ഓഡിറ്റർ.
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ.
ചീഫ് വിജിലൻസ് ഓഫീസർ/ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ. റ്റി.)
ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ/ ഡെപ്യൂട്ടി സെക്രട്ടറി (ഭരണം)
ഫെയർ കോപ്പി സൂപ്രണ്ട്/ റെക്കോർഡ് സെക്ഷൻ/ ലൈബ്രറി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

12/3/2020

സീനിയർ സൂപ്രണ്ട്



Scanned by CamScanner